പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2481 19.12.2012 ൽ മറുപടിയ്ക്ക്

<u>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) പകർച്ചവ്യാധികളിൽ ഗണ്യമായ വർദ്ധനവ് കണ്ടെത്തിയത് ഡെങ്കിപ്പനി, മഞ്ഞപ്പിത്തം, കോളറ എന്നീ രോഗങ്ങളിലാണ്. ഡെങ്കിപ്പനി നിയന്ത്രണത്തിനായി സർക്കാർ നവംബർ 11,18,25 തീയതികളിൽ സംസ്ഥാനത്താകെ ഡ്രൈ ഡേ ആചരിക്കുകയും ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർ അടങ്ങിയ സ്ക്വാഡ് എല്ലാ വീടുകളിലും, സ്ഥാപനങ്ങളിലും സന്ദർശനം നടത്തി കൊതുകിന്റെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുകയും, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.<br><br>മഞ്ഞപ്പിത്തം തടയാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടിവെള്ളസ്രോതസ്സുകളുടെ ക്ലോറിനേഷൻ പുരോഗമിക്കുന്നു. |
| (സി) മുൻകൂട്ടി രോഗനിർണ്ണയം നടത്തുന്നതിനുള്ള പെരിഫറൽ കേന്ദ്രങ്ങളുടെ അഭാവം, ആരോഗ്യ സ്ഥാപനങ്ങളിൽ റാപ്പിഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റ് (ആർ.ഡി.റ്റി) കിറ്റുകളുടെ അഭാവം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി)ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ;വിശദാംശം നൽകുമോ ? | (സി &ഡി) പകർച്ചവ്യാധികൾ മുൻകൂട്ടി നിർണ്ണയിക്കുന്നതിന് ആവശ്യമായ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. സംസ്ഥാനത്ത് തിരഞ്ഞെടുത്ത ഇരുപത് ലബോറട്ടറികളെ, ഡെങ്കിപ്പനി, ചിക്കുൻഗുനിയ , ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾ കാലേക്കൂട്ടി നിർണ്ണയിക്കുന്നതിനുള്ള സെൻറിനൽ സർവയലൻസ് ആശുപത്രികളാക്കി മാറ്റിയിട്ടുണ്ട്.കൂടാതെ പ്രധാന ആശുപത്രികളിലേയും ചില പ്രാഥമിക, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലേയും ലബോറട്ടറികളിൽ രോഗ നിർണ്ണയത്തിനായുള്ള സൗകര്യങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ